ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഡൽഹി സ്ഫോടന കേസിൽ അന്വേഷണം ഊർജിതം. കശ്മീർ സ്വദേശി ആമിർ റഷീദ് അലിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു.

   **Investigation intensifies in the Delhi blast case. The National Investigation Agency arrested Aamir Rasheed Ali, a native of Kashmir**

2. ബിഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. ബി ജെ പി, ജെഡിയു നിയമസഭാ നേതാക്കളെ ഇന്ന് തിരഞ്ഞെടുക്കും.

   **Political activities intensify among NDA constituents to form a new government in Bihar; BJP, JDU Legislature Party to meet today to elect its leader.**

3. വടക്കൻ മേഖല കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഹരിയാനയിൽ ചേർന്നു.

   **Union Home Minister Amit Shah chaired Northern Zonal Council meeting in Faridabad, Haryana**

4. സൗദി അറേബ്യയിൽ ഉംറ തീർത്ഥാടകർ സഞ്ചരിച്ച ബസ്സും ടാങ്കറും കൂട്ടിയിടിച്ച് നിരവധി ഇന്ത്യക്കാർ മരിച്ചതായി റിപ്പോർട്ട്.

In Saudi Arabia, many Indian Umrah pilgrims are feared dead after a passenger bus travelling from Mecca to Madinah collided with a diesel tanker

5. കേരളം തദ്ദേശ തെരഞ്ഞെടുപ്പ് ചൂടിലേക്ക്. നാമനിർദേശ പത്രികാ സമർപ്പണം ഈ മാസം 21 വരെ

   Kerala is gearing up for the local body elections. Nomination papers can be submitted until the 21st of this month.

6. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ 6 ജില്ലകളിൽ മഞ്ഞ ജാഗ്രത.

   The Indian Meteorological Department has forecast the possibility of very heavy rainfall in the Southern states. Yellow alert has been issued in six districts of Kerala.

## DELHI NIA ARREST

ഡൽഹിയിലെ ചുവപ്പു കോട്ടക്ക് സമീപമുണ്ടായ സ്ഫോടന കേസിൽ കശ്മീർ സ്വദേശി ആമിർ റഷീദ് അലിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ഡൽഹിയിൽ നിന്നാണ് ഇയാൾ പിടിയിലായത്. ഇയാളെ കോടതി 10 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഡൽഹി സ്ഫോടനത്തിൽ 10 പേർ മരിക്കുകയും 25 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

## DAY SHAH - NORTHERN ZONAL COUNCIL

വടക്കൻ മേഖല കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഹരിയാനയിലെ ഫരീദാബാദിൽ പുരോഗമിക്കുന്നു. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ജമ്മുകശ്മീർ, ഡൽഹി മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്റർ, കേന്ദ്ര-സംസ്ഥാന സർക്കാരിൻറെയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും മുതിർന്ന

ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഡൽഹി സ്ഫോടനത്തിൽ മരിച്ചവരോടുള്ള ആദര സൂചകമായി മൗനം ആചരിച്ച ശേഷമാണ് യോഗം ആരംഭിച്ചത്.

## NDA- NEW GOVERNMENT IN BIHAR (INTRO)

ബീഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ ഊർജിതം. മുഖ്യമന്ത്രി നിതീഷ് കുമാർ ഗവർണർക്ക് രാജി കത്ത് കൈമാറി. ഈ മാസം 20 ന് പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ നടക്കുമെന്നാണ് റിപ്പോർട്ടുകൾ.

വിശദാംശങ്ങളിലേക്ക്....

(വോയ്സ്)

ബിഹാറിലെ സർക്കാർ രൂപീകരണം സംബന്ധിച്ച് പട്നയിലും ന്യൂഡൽഹിയിലും എൻഡിഎയുടെ ചർച്ചകൾ പുരോഗമിക്കുക യാണ്. ജെഡിയു നിയമസഭാ പാർട്ടി നേതാവിനെ തിരഞ്ഞെടു ക്കാൻ ഇന്ന് പട്നയിൽ യോഗം ചേരും. ജെഡിയുവിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട 85 എംഎൽഎമാർ നിതീഷ് കുമാറിനെ പാർട്ടിയുടെ നിയമസഭാ നേതാവായി ഐകകണ്ഠേന തിരഞ്ഞെടുക്കും. നിലവിലെ മന്ത്രിസഭയുടെ അവസാന യോഗം ഇന്ന് മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ അധ്യക്ഷതയിൽ ചേരും. പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനുള്ള ഒരുക്കങ്ങളും ആരംഭിച്ചിട്ടുണ്ട്. ഈ മാസം 20 ന് സത്യപ്രതിജ്ഞാ ചടങ്ങ് നടക്കുമെന്നാണ് കരുതുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി

## BIHAR RESULTS - CEO

ബിഹാർ നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട 243 അംഗങ്ങളുടെ പട്ടിക, മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിനോദ് സിംഗ് ഗുഞ്ചിയാൽ, ഗവർണർ ആരിഫ് മുഹമ്മദ് ഖാന് കൈമാറി. നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് രണ്ട് ദിവസത്തിന് ശേഷം, പട്നയിലെ

രാജ്ഭവനിൽ എത്തിയാണ് പട്ടിക കൈമാറി യത്. എൻ.ഡി.എ.യിലെ 202 പേരും, മഹാസഖ്യത്തിലെ 34 പേരും  പട്ടികയിൽ ഉൾപ്പെടുന്നു.

## SAUDI ARABIA

സൗദി അറേബ്യയിൽ ഉംറ തീർത്ഥാടകർ സഞ്ചരിച്ച ബസ്സും ടാങ്കറും കൂട്ടിയിടിച്ച് നിരവധി ഇന്ത്യക്കാർ മരിച്ചതായി റിപ്പോർട്ട്. മക്കയിൽ നിന്ന് മദീനയിലേക്ക് പോവുകയായിരുന്ന യാത്രാ ബസ് ഇന്ന് പുലർച്ചെ ഡീസൽ ടാങ്കറുമായി കൂട്ടിയിടിച്ചായിരുന്നു അപകടം.

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അപകടത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി. റിയാദിലെ എംബസിയും ജിദ്ദയിലെ കോൺസുലേറ്റും അപകടത്തിൽപ്പെട്ട ഇന്ത്യക്കാർക്ക് എല്ലാ സഹായവും നൽകുന്നുണ്ടെന്ന് ശ്രീ ജയശങ്കർ സമൂഹ മാധ്യമത്തിൽ അറിയിച്ചു. ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു.

80 02 44 00 03, 01 22 61 40 93, 01 26 61 42 76 തുടങ്ങിയ  ഹെൽപ്പ്ലൈൻ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## MADINA ACCIDENT-HYDERABAD

സൗദി ബസ് അപകടത്തിൽപ്പെട്ടവരിൽ പലരും ഹൈദരാബാദിൽ നിന്നുള്ളവരാണെന്ന് പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്ന തായി തെലങ്കാന മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡി. ബസ് അപകടത്തിൽ മരിച്ചവരുടെ വിവരങ്ങൾ കണ്ടെത്താൻ ചീഫ് സെക്രട്ടറിയെയും ഡിജിപിയെയും ചുമതലപ്പെടുത്തിയ തായും അദ്ദേഹം അറിയിച്ചു.

## INDIA - US -LPG

ഇന്ത്യൻ പൊതുമേഖലാ എണ്ണക്കമ്പനികൾ അമേരിക്കയിൽ നിന്ന് ദ്രവീകൃത പെട്രോളിയം, എൽപിജി തുടങ്ങിയവ ഇറക്കുമതി

ചെയ്യുന്നതിനുള്ള കരാറിൽ ഒപ്പുവച്ചതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. കരാർ പ്രകാരം പ്രതിവർഷം ഏകദേശം 2.2 മില്ല്യൺ ടൺ എൽ പി ജി ഇറക്കുമതി ചെയ്യും. ഒരു വർഷമാണ് കരാറിന്റെ കാലവധിയെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ അറിയിച്ചു. എണ്ണക്കമ്പനികളിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം അമേരിക്കൻ ഉൽപ്പാദകരുമായി നടത്തിയ ചർച്ചകളുടെ ഫലമായാണ് കരാറെന്നും ശ്രീ. ഹർദീപ് സിംഗ് പുരി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## BANGLA - SHEIKH HASINA

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കെതിരെയുള്ള കേസിൽ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ ഇന്ന് വിധി പറയും. മൂന്നംഗ ജഡ്ജിമാരുടെ പാനൽ വിധി പ്രഖ്യാപന തീയതി സ്ഥിരീകരിച്ച സാഹചര്യത്തിൽ ധാക്കയിലുടനീളം സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁

## EPILEPSY DAY

ഇന്ന് ദേശീയ അപസ്മാര ദിനം. അപസ്മാരം വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നു എന്നതിനെ കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. മസ്തിഷ്കത്തിന്റെ ക്രമരഹിതമായ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകുന്ന നാഡീവ്യൂഹ സംബന്ധമായ അവസ്ഥയാണ് അപസ്മാരം. എപ്പിലെപ്സി ഫൗണ്ടേഷൻ ഓഫ് ഇന്ത്യയാണ് ആദ്യമായി ദേശീയ അപസ്മാര ദിനം ആചരിച്ചു തുടങ്ങിയത്.

❁❁❁❁❁❁❁❁❁❁❁❁

## SHAH- LAJPAT RAI

സ്വാതന്ത്ര്യ സമര സേനാനി ലാലാ ലജ് പത്റായുടെ രക്ത സാക്ഷിത്വ ദിനത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ട ങ്ങളിലെ ലജ്പത് റായുടെ ആശയങ്ങളെക്കുറിച്ച് പരാമർശിച്ച കേന്ദ്രമന്ത്രി, യുവാക്കൾ,

കർഷകർ, സാധാരണക്കാർ എന്നിവർക്ക് ഇത് പ്രചോദനമായതായും പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸

## OFFICE OF THE YEAR AWARD

അക്കൗണ്ട്സ് & എൻറ്റ്റൈറ്റിൽമെൻറ് ഓഫീസുകളിലെ മികവിന് CAG നൽകുന്ന "ഓഫീസ് ഓഫ് ദി ഇയർ" പുരസ്കാരം, കേരള ഏജീസ് ഓഫീസിന് ലഭിച്ചു. ന്യൂഡൽഹിയിൽ നടന്ന ഓഡിറ്റ് ദിവസ് ആഘോഷപരിപാടിയിൽ പുരസ്കാരം കൈമാറി. സംസ്ഥാന സർക്കാരിൻറെ അക്കൗണ്ടുകളും എൻറ്റ്റൈറ്റിൽമെൻറ് പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതുൾപ്പെടെ എജീസ് ഓഫീസ് സുപ്രധാന പങ്കാണ് വഹിക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸

## ELECTION - KERALA

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം തുടരുന്നു. ഈ മാസം 21 വരെ നാമനിർദേശപത്രിക സമർപ്പിക്കാം. സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

☸☸☸☸☸☸☸☸☸☸☸☸

## BLO DEATH

കണ്ണൂർ, പയ്യന്നൂർ നിയമസഭാ മണ്ഡലത്തിലെ ബൂത്ത് ലെവൽ ഓഫീസർ അനീഷ് ജോർജിൻറെ നിര്യാണത്തിൽ മുഖ്യ തെരഞ്ഞെ ടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ ദുഃഖം രേഖപ്പെടുത്തി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്നവരാണ് ബൂത്ത് ലെവൽ ഉദ്യോഗസ്ഥരെന്നും, മൊത്തം തെരഞ്ഞെടുപ്പ് സംവിധാനവും ഏകീകരണത്തോടെ പ്രവർത്തിക്കുന്ന ഈ ഘട്ടത്തിൽ ഒരു ഉദ്യോഗസ്ഥനും പ്രയാസം നേരിടേണ്ടി വരുന്നില്ല എന്ന് ഉറപ്പുവരുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

## CERVICAL CANCER- KNR (INTRO)

ഇന്ന് ലോക ഗർഭാശയ ഗള കാൻസർ നിർമ്മാർജന ദിനം. ഗർഭാശയഗള കാൻസർ നേരത്തെ കണ്ടെത്തി ചികിൽസിക്കുന്ന തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ഗർഭാശയഗള കാൻസർ തടയുന്നതിന് കേരളത്തിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്കായി വാക്സിനേഷൻ ആരംഭിച്ചിട്ടുണ്ട്.

**ആദ്യഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയെ കുറിച്ച് ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ ത യ്യാറാക്കിയ റിപ്പോർട്ട്.**

**(വോയിസ് ) ......**

## SABARIMALA

വൃശ്ചികപ്പുലരിയിൽ ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. വൃശ്ചികം ഒന്നായ ഇന്ന് 70,000 പേർ വെർച്വൽ ക്യൂ വഴി ദർശനത്തിനു ബുക്കുചെയ്തിട്ടുണ്ട്. പുതിയ മേൽശാന്തി ഇ.ഡി.പ്രസാദ് നമ്പൂതിരിയുടെ നേതൃത്വത്തിൽ നട തുറന്നതോടെ മണ്ഡല- മകരവിളക്ക് തീർഥാടനത്തിന് തുടക്കമായി. അമീബിക്ക് മസ്തിഷ്ക ജ്വരത്തിൻ്റെ പശ്ചാത്തലത്തിൽ പമ്പയിൽ മുങ്ങുമ്പോൾ മൂക്കിൽ വെള്ളം കയറാതിരിക്കാൻ ഭക്തർ ശ്രദ്ധപുലർത്തണമെന്ന് ആരോഗ്യവകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

## RAIN KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

## IMD-WEATHER

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ചില സ്ഥലങ്ങളിൽ ഇന്ന് മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ അടുത്ത രണ്ടോ മൂന്നോ ദിവസത്തേക്ക് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ന്യൂനമർദ്ദ പാത്തിയുടെ സ്വാധീനത്താൽ തമിഴ്നാട്ടിലെ കൂടല്ലൂർ, മയിലാടുതുറൈ, നാഗപട്ടണം, തിരുവാരൂർ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

## AQI - NCR

ഡൽഹിയിൽ വായു ഗുണനിലവാരം അതീവ മോശം വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ വായു ഗുണനിലവാരം 359 രേഖപ്പെടുത്തി. ആനന്ദ് വിഹാറിലും ചാന്ദിനി ചൗകിലും വായു ഗുണനിലവാരം 383 ആണ് രേഖപ്പെടുത്തിയത്. വായുഗുണനിലവാരം മോശമായ സാഹചര്യത്തിൽ ഗ്രേയ്ഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ മൂന്നാം ഘട്ടം ഏർപ്പെടുത്തിയതായി എയർ ക്വാളിറ്റി മാനേജ്മെൻറ് കമ്മിഷൻ അറിയിച്ചു.

## STOCK + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 164 പോയിൻറ് നേട്ടത്തിൽ 84,722 ലും നിഫ്റ്റി 34 പോയിൻറ് നേട്ടത്തിൽ 25,944 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ ഇടിവ്. ഗ്രാമിന് 10 രൂപ കുറഞ്ഞ് 11,455 രൂപയും പവന് 80 രൂപ കുറഞ്ഞ് 91,640 രൂപയുമാണ് ഇന്നത്തെ വില.